
DLIGHT
A STEP TO FUTURE

# Digital Magazine

## Little Kites

**BATCH**
**2023-2026**



# GHSS ERUMAPETTY

# എഡിറ്റോറിയൽ ബോർഡ്

| | |
|---|---|
| ചീഫ്എഡിറ്റർ | :ബീന സി ജേക്കബ് |
| സ്റ്റാഫ് എഡിറ്റേഴ്സ് | : പ്രിയ ടി എം<br>സൗമ്യസാമുവൽ |
| സ്റ്റുഡൻറ് എഡിറ്റേഴ്സ് | :കൈലാസ് പി പ്രകാശ്<br>മാളവിക സുജിത്ത് |

# ആശംസകൾ

വിവര സാങ്കേതികവിദ്യ നമ്മുടെ ദൈനംദിന ജീവിതത്തിന്റെ ഭാഗമായി മാറിയ ഈ കാലഘട്ടത്തിൽ മാറുന്ന ലോകത്തിനനുസരിച്ച് പുതു തലമുറയെ സൃഷ്ടിക്കേണ്ടത് അനിവാര്യമാണ്. അത്തരത്തിൽ സംസ്ഥാന തലത്തിൽ ഹൈസ്കൂൾ വിദ്യാർത്ഥികൾക്കായി ഉയർന്നുവന്ന  കുട്ടികളുടെ കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ്.പലമേഖലകളിലൂന്നിയ പ്രവർത്തനങ്ങളിൽ ഒന്നു മാത്രമാണ് ഈ ഡിജിറ്റൽ മാഗസിൻ. 2023-2026 ബാച്ച് ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടേയും  അധ്യാപകരുടേയും കൂട്ടായ പ്രവർത്തനത്തിലൂടെ  തയ്യാറാക്കിയ ഈ ഡിജിറ്റൽ മാഗസിന് എല്ലാവിധ ആശംസകളും നേരുന്നു......



BEENA C JACOB
HEAD MISTRESS

# ആശംസകളോടെ.....

കാലാനുസൃതമായ മാറ്റങ്ങൾ സാമൂഹ്യവളർച്ചക്ക് അന്യവാര്യമാണ്. ഈ വളർച്ചയിൽ ഒരു പ്രധാന പങ്ക് വിവരസാങ്കേതിക വിദ്യ വഹിക്കുന്നുവെന്ന് നമുക്ക് അറിയാവുന്ന ഒരു വസ്തുതയാണ്.വിവരസാങ്കേതിക വിദ്യയിൽ വരുന്ന ഈ മാറ്റങ്ങൾ നമ്മുടെ പുതുതലമുറയെ അഭ്യസിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തിയാണ് ലിറ്റിൽ കൈറ്റ്സ് എന്ന ക്ലബ്ബിന്റെ രൂപീകരണം. ഡി റ്റി പി രംഗത്ത് ഒരു സ്പന്ദനം സൃഷ്ടിക്കാൻ സാധ്യതയുള്ള scribus സോഫ്റ്റ്‌വെയർ ഈ ക്ലബ്ബിൽ പരിചയപ്പെടുത്തിയത് ഈ ലക്ഷ്യസാധൂകരണത്തിനാണ്. അങ്ങനെ 2023-26 ബാച്ചിലെ വിദ്യാർത്ഥികൾ ഈ സോഫ്റ്റ്‌വെയർ ഉപയോഗിച്ച് തയാറാക്കിയ മാഗസിൻ "D LIGHT" നിങ്ങൾക്കായി സമർപ്പിക്കുന്നു.





# സ്നേഹത്തോടെ......

സ്നേഹത്തോടെ......

വിവര വിനിമയ സാങ്കേതിക വിദ്യകൾ ദ്രുതഗതിയിൽ വളർന്നു കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ, നവജാത ശിശുവിനു പോലും ഇതിന്റെ മായവലയത്തിൽ നിന്നും ഒഴിഞ്ഞു നിൽക്കാൻ അസാധ്യമാണെന്നിരിക്കെ, മൂല്യബോധവും കർമബോധവും ലക്ഷ്യബോധവും ഉള്ള പുതു തലമുറയെ വാർത്തെടുക്കാൻ ലിറ്റിൽ കൈറ്റ്സ്  വർഷങ്ങളായി നമ്മളെ സഹായിച്ചു കൊണ്ടിരിക്കുന്നു. വിവര വിനിമയ സാങ്കേതിക വിദ്യകളെ പറ്റി കൂടുതൽ അടുത്തറിയാനും അതിലെ മേന്മകളും ചതിക്കുഴികളും തിരിച്ചറിയാനും ലിറ്റിൽ കൈറ്റ്സ് ഞങ്ങളെ പ്രാപ്തരാക്കി.

ഈ യാത്രയിലെ ഓരോ കാൽ വെപ്പിലും ഞങ്ങൾക്ക് തുണയായി നിന്ന ഞങ്ങളുടെ ഗുരുനാഥന്മാരെ നന്ദിയോടെ സ്മരിച്ചുകൊണ്ട് ഈ മാഗസിൻ നിങ്ങൾക്ക് മുന്നിൽ സമർപ്പിക്കുന്നു



MALAVIKA SUJITH
9K



KAILAS P PRAKASAN
9G

# ഉള്ളടക്കം


കവിതകൾ

കഥകൾ

ലേഖനങ്ങൾ

അനുഭവക്കുറിപ്പുകൾ

മഹത് വചനങ്ങൾ

യാത്രാവിവരണം

ചിത്രശാല

## ഇന്നത്തെ ഭൂമി

കാലത്തിൻ ചക്രവാളത്തിലെന്നോ
തന്നൊരു ദൈവത്തിൻ പുണ്യഭ്രമി
മനുജരാം നമ്മളീ മന്നിലെന്നും
നിത്യ പ്രകാശം വിരിക്കേണ്ട പറവകൾ
ഈ ഭ്രമിയിന്ന് തകർന്നൊരു-
കോട്ട പോലാർക്കും വേണ്ടതായിടുന്നു
പ്രകൃതി തൻ ചാരുത വിളിച്ചോതിയ നാം
ഭ്രമി തൻ സംഹാരഭ്രതരായ് തീർന്നിടുന്നു
കൊലയും കവർച്ചയും കേരളനാട്ടിൽ
ദിന സംഭവങ്ങളായ് ഭവിച്ചീടവേ
മക്കളെ പോറ്റിയൊരമ്മതൻ വേദന
ആഴത്തിലലയടിക്കുന്ന പോലെ
പൂർവ്വികർ തന്നുടെ ശേഷക്രിയകളൊഴുക്കുവാൻ
ഇന്നിവിടെ നദികളില്ല ....
ദൈവത്തിൻ നാടായ കേരളമിന്ന് പ്ലാസ്റ്റിക്കിൻ
കുമ്പാരമായി തീർന്നിടുന്നു
എവിടെ കളഞ്ഞിടുവോ?സ്നേഹത്തിൻ മാത്രകൾ
ശത്രുതയല്ലേ ഉലകിലെന്നും .....
അണിചേർന്നീടുക മനുജരെനിങ്ങൾ
പുതിയൊരു നാളെ പണിതുയർത്താൻ



Vincy Shaju



# ജീവിതപ്പുഴ

ചിതറിയൊഴുകുന്ന പുഴയാണ് ജീവിതം
അലകളുണ്ടതിൽ അലകളുണ്ട്
ഓർക്കണം നീ
ഇനിയുമോർക്കണം ചുറ്റിലും കുഴികളുണ്ട്
അവയൊന്നിനും മണൽ തിട്ടകളില്ലെന്നോർക്കണം
നീ വെറുതെയോർക്കണം
നീ ഒഴുകുന്ന വഴികളൊന്നുമേ നന്മത്തതല്ലാ
ഉപ്പു പടർത്തുവാൻ വെമ്പുന്ന ആഴിയിൽ
വീഴാതിരിക്കണം നീ
മുന്നിൽ ആർത്തലച്ചെത്തുന്നൊരാഴിയുണ്ട്

നീ ചേരുന്നിടങ്ങളിൽ കുഴികളുണ്ട-
നവധി ഗർത്തങ്ങളുണ്ട്
അതിഭീമമാം തിരമാലകളുണ്ട്
നിന്നെ വിഴുങ്ങുവാൻ അഗ്നിയായ് നീളും കരങ്ങളുണ്ട്
ആയിരം മിഴികൾ നിന്നെ നോക്കി
കണ്ണിറുക്കി ചിരിക്കുന്ന കുഴിയിൽ
ചതിക്കുഴികളുണ്ടോർക്കണം ഇനിയുമോർക്കണം
നീ പിൻതിരിഞ്ഞൊന്നു നോക്കണം
നീ നിന്റെ ജീവിത പുഴയുടെ നാൾ വഴികൾ
പുത്തൻ ലോകത്തെ പുണരാനായി
മോഹിക്കുംമാത്രയിൽ ഓർക്കണം നിൻ താതനെ
ഇരുട്ടിനെ പകലാക്കി നിന്നെ വളർത്തുന്ന
രൂപങ്ങളെ പ്രിയ രൂപങ്ങളെ
ഒരു പൂവാടി വീഴും പോലെ വീഴാതിരിക്കണം
നിന്റെ നാൾ വഴിയിൽ
കരുത്തോടെ മുന്നേറണം ലക്ഷ്യമെത്താൻ
കരുതലോടൊഴുകണം നീ ഇനിയും
നാളേകളേറ്റവും ധന്യമാക്കാൻ........
ധന്യമാക്കാൻ.....



# നീർപ്പോള

സ്നേഹത്തിന്റെ നീലത്തിരയിളക്കം
മനസ്സിലും മിഴിയിലും
ഉദയസൂര്യന്റെ ചെങ്കതിരൊളി
കവിളിലും ചുണ്ടിലും
ഇടയ്ക്കിടെ കൂടുവിട്ടുയരാറുണ്ടെന്നിലെ
മോഹപക്ഷി
പറന്നു പറന്ന്, ചിറക് തളർന്ന്
വ്യർത്ഥമോഹങ്ങളിലടയിരിക്കുമാറുണ്ടത്
കുളിരും കുളിർക്കാറ്റും അന്നേരമാ -
മുടലിനെ കോരിത്തരിപ്പാക്കാറുണ്ട്
ശീതളചോലയിൽ മുങ്ങിനിവരുമൊരനുഭൂതി
വലയം ചെയ്യാറുമുണ്ട്
മനോജ്ഞമാം വാക്കും നോക്കും
സുഖശയനത്തിലേക്കാഴ്ത്തുമ്പോൾ
നിദ്രയിൽ കിനാവിലെന്നപോൽ ഞെട്ടി -
യുണാരാറുമുണ്ട്
തീവ്രാനുരാഗത്തിൽ നോവ് മാത്രം ബാക്കി -
യാക്കിയാ-
മുഗ്ദ രാഗങ്ങളെങ്ങോ പോയ് മറയുന്നു



ദർശന കെ ജി
HSA

# സൗഹൃദം


സൗഹൃദമെന്നതിൻ
ലഹരിയിലാണു ഞാൻ
ആവർത്തന വിരസതയൊന്നുമില്ലാതെ!

അദ്ധ്യയനദിനങ്ങൾ മടുപ്പില്ലാതാക്കുവാൻ
വീണുകിട്ടുന്നോരോ  ആഘോഷവേളയും ആടിത്തിമർക്കുന്നു
ഞങ്ങളെല്ലാം!

അമൃത് പകരും പകലിൽ പാലാഴി പോലെ, അലതല്ലും
ഫലിതങ്ങളിൽ മതിമറക്കുവാൻ ഗുരുക്കർ ചുറ്റുമേറെ നില്പതുണ്ട്...

മത്സരകാലങ്ങൾക്കു മാറ്റുകൂട്ടുവാൻ
വിജയങ്ങളിലാർപ്പുവിളിയുയരുമ്പോൾ
മധുരം നുണയുന്നു മനസ്സുകൾ...

വേർപിരിയാൻ വിധിയെന്ന ശാപം വിവേകത്താൽ  മനസ്സിലേറ്റി
ഞങ്ങളീ വിദ്യാലയത്തിൻ പടവുകൾ താണ്ടുന്നു...



ചിത്രീകരണം:പ്രിയ ടി എം



Arya
8H

1


# പ്രളയം •

വാർത്തകളിൽ -
പ്രളയം....
കണ്ണീരിന്റെ,
പ്രളയം......
മഴ ദൈവങ്ങൾ
കനിഞ്ഞ
പ്രളയം.
എങ്കിലും ദുഃഖം!
ഓർമകൾ മറഞ്ഞു...
പ്രളയത്തിൽ.
സ്വപ്നങ്ങൾ ഒഴുകി-
പ്രളയത്തിൽ.
ഒടുവിൽ വന്ന
പത്രവാർത്തയിൽ-
ഒരു കടലീരുമ്പൻ!
വാർത്തയുടെ ഉള്ളിലിങ്ങനെ
"ഞാൻ കാത്തിരിക്കുകയാണ്
നീ തിരിച്ചു വെരുമെന്ന
പ്രതീക്ഷയിൽ"
പ്രളയം.....!
ഹൃദയത്തിലും,
വാർത്തയിലും.....!

Shifa parvin
9B



SHIFA PARVIN
9B




ചിത്രീകരണം:പ്രിയ ടി എം

# കുട്ടികവിത

## പരീക്ഷ

കുഞ്ഞനുറുമ്പുകൾ
വരിയിട്ട പോലെ
കുറിച്ചു വെച്ച
കടലാസുകഷ്ണങ്ങളിൽ നിന്നും
കിട്ടിയ അറിവുകൾ
ഉത്തരക്കടലാസിൽ
കോറിയിട്ടവൻ പുഞ്ചിരി തൂകി.

അവനറിയില്ലായിരുന്നു
ജീവിതപ്പരീക്ഷകൾ നേരിടാൻ
ഈ കടലാസു കഷ്ണങ്ങൾ
മതിയാകില്ലെന്ന്.




ചിത്രീകരണം:പ്രിയ ടി എം

# കുട്ടിക്കഥ

## മറവി



ജോമോൾ ജെയ്ജു
UPSA

ഇരുട്ട് നിറഞ്ഞ മുറിയിൽ അവൾ തനിച്ചിരുന്നു. എപ്പോഴോ മിന്നി മറഞ്ഞ ഓർമ്മയിൽ അവൾ പരതി. താൻ ആരാണ് ? എവിടെയാണ്? ഓർമ്മയുടെ താളുകളിൽ നിന്നും വാത്സല്യമൂറുന്ന കണ്ണുകൾ അവൾ എപ്പോഴൊക്കെയോ കാണുന്നു. പക്ഷേ ആ കണ്ണുകൾക്ക് മുഖം ഉണ്ടായിരുന്നില്ല. വാത്സല്യത്തിന്റെ ഒരു നേർത്ത തലോടൽ അവൾ അനുഭവിച്ചിരുന്നു. പക്ഷേ ആ കൈകൾ അവൾ തിരിച്ചറിഞ്ഞില്ല. സുഹൃത്ത് തനിക്കു നേരെ നീട്ടിയ ലഹരിയുടെ മാസ്മരികതയിൽ വാത്സല്യത്തിൻെറ മടിത്തട്ട് അവൾ എന്നേ മറന്നുപോയി....


# ഏകലവ്യൻ



ഗുരുരൂപം മാത്രം മതി........
നിന്നമ്പുകൾ
ലക്ഷ്യത്തിലേക്കു
പായുവാൻ.....കാട്ടാളനല്ല
നീ...കാടിനെ അറിഞ്ഞവൻ....
കാട്ടുപൂവിൻ ഗന്ധമുള്ളവൻ......
അംഗുലികൾ അറക്കപ്പെട്ടുമ്പോഴും.....
ആഞ്ഞുപായിക്കുവാൻ
കെൽപ്പുള്ള കാടിന്റെ
പെരുവിരലാണ് നീ...
കാട്ടുതീയാണു നീ...
പടരുക പടരുക
കത്തിപ്പടരുക...



SUNIL KUMAR
UPSA



ചിത്രീകരണം:പ്രിയ ടി എം

# അമ്മാത്ത്

മുത്തശ്ശനും മുത്തശ്ശിയും മാത്രം അടങ്ങുന്ന,എന്റെ അമ്മാത്ത് . എന്റെ ഇഷ്ട ഇടം അതാണ്. കൂട്ടുകുടുംബം ആയിരുന്നു. മുത്തശ്ശൻ രാവിലെ ശാന്തിയ്ക്കു പോയാൽ പിന്നെ വൈകിയിട്ടേ വരുകയുള്ളൂ. രാവിലെ മുതൽ വൈകുന്നേരം വരെ മുത്തശ്ശി ഒറ്റയ്ക്കാണ്. കഴിഞ്ഞു പോയ നല്ല ഇന്നലെകളെ കുറിച്ച് ഓർത്ത് ഉച്ചമയക്കം.

അന്നന്നത്തെ ജോലികൾ അതാത് ദിവസം തന്നെ വൃത്തിയായി ചെയ്യും. ഒന്നും നാളേയ്ക്കു മാറ്റി വെയ്ക്കില്ല. എന്നെ വലിയ കാര്യം ആണ് മുത്തശ്ശിയ്ക്ക്. ഞാൻ അമ്മാത്തേയ്ക്കു വരുന്നുണ്ട് എന്നറിഞ്ഞാൽ കളിപ്പാട്ടം കിട്ടിയ കുട്ടിയുടെ സന്തോഷം പോലെ ആണ് മുത്തശ്ശിയ്ക്ക്. അതിനു കാരണവും ഉണ്ട്. മുഴുവൻ സമയവും മുത്തശ്ശി തനിച്ചാണല്ലോ..

ഞങ്ങൾ അവിടെ എത്തിയാൽ എനിയ്ക്ക് വേണ്ടതൊക്കെ വാങ്ങി തരും. പുതിയ രീതിയിലുള്ള പാചക രീതികൾ ഒന്നും മുത്തശ്ശിയ്ക്ക് അറിയില്ല . എങ്കിലും മാഗി നന്നായിട്ട് ഉണ്ടാക്കി തരാറുണ്ട്. പക്ഷേ, മുത്തശ്ശി ഉണ്ടാക്കുന്ന ചോറും, കുറുക്ക കാളനും, കടുമാങ്ങയും ആണ് എന്റെ ഇഷ്ട ഭക്ഷണം. മുത്തശ്ശിയ്ക്ക് വയസ്സ് 67 ആയി. മുഖത്ത് ചുളിവുകളും വന്നു തുടങ്ങി. അത് എന്നെ വിഷമത്തിലാക്കുന്നുണ്ട്. ആരോടും ദേഷ്യം വരുന്ന പ്രകൃതക്കാരി അല്ല മുത്തശ്ശി, ഇനി എങ്ങാനും ദേഷ്യം വന്നാലോ...,. " ന്റെമ്മോ" എന്ന് നമ്മൾ വിളിക്കും.



DevaDattan
9 J



# ഓണത്തിന് ഒരാമുഖം

കാർഷിക സംസ്കാരത്തിന്റെ കൊയ്ത്തുത്സവമാണ് ഓണം. വിളഞ്ഞ നെൽപ്പാടങ്ങളും പൂവിളിയുയരുന്ന ബാല്യങ്ങളും ഓണപ്പാട്ടിന്റെ ആരവങ്ങളാൽ , ഗ്രാമീണ തനിമയുടെ സൗന്ദര്യം നിറഞ്ഞൊഴുകുന്ന ആവേശമായി മാറുന്ന വസന്തകാലം. ആടിമാസത്തിന്റെ കാർമേഘ ക്കറുപ്പിൽ നിന്ന് സമൃദ്ധിയുടെ ചിങ്ങപുലരിയിലേക്കുള്ള കേരളീയതയുടെ ഉത്സവ കൊടിയേറ്റം.

അത്തം മുതൽ ആരംഭി ക്കുന്ന ഒരുക്കങ്ങൾ, ഉത്രാട പാച്ചിലും കടന്ന് പപ്പടവും പായസവും നൊട്ടി നുണയുന്ന തിരുവോണനാളിൽ എത്തു മ്പോൾ നിറഞ്ഞ മനസ്സോടെ ഓണമുണ്ണാൻ മലയാളി കാത്തിരിക്കും. ഓണത്തുമ്പിയുടെ മൂളലും ഓണപ്പൂക്കളത്തിന്റെ മാസ്മരിക സൗന്ദര്യവും കൈരളി നെഞ്ചിലേറ്റുന്നു.




പാരമ്പര്യവും പ്രാദേശിക കീഴ്‌വഴക്കങ്ങളും ഹൈന്ദവ ആചാര പ്രകാരമാണെങ്കിലും മലയാള നാടിനെ സംബന്ധിച്ചിടത്തോളം ഓണം കേരളീയരുടെ ദേശീയുത്സവമാണ്. വിദേശിയരെ ആകർഷിക്കുന്ന വള്ളംകളിയും പുലിക്കളിയും മറ്റും മലയാളിയുടെ മാത്രം പൗരാണിക സമ്പത്താണ്. ഇത്തരം ഓണത്തിന്റെ മാഹാത്മ്യം വാഴ്ത്തിപ്പാടാൻ എഴുത്തുകാർക്ക് പോലും തൂലിക മതിയാകാതെ വരുന്നു.

ഓണത്തിന്റെ മാധുര്യം എഴുത്തുകളിൽ മാത്രം നിർജീവമായി പ്രതിധ്വനിക്കുന്നു. സാങ്കേതികതയുടെ പരിണാമ സ്വഭാവം പഴമയുടെ ജീവസ്സും ഓജസ്സുമായ ഈ ആസ്വാദ്യതയെ ബാധിച്ചിരിക്കുന്നു എന്ന് പറയാതെ വയ്യ. ഇന്നിന്റെ ലോകത്ത് ആഘോഷിക്കപ്പെടേണ്ട ഒന്നായി അത് മാറുന്നു. മതപരമായ വിശ്വാസങ്ങൾക്കപ്പുറത്ത് ഒത്തൊരുമയുടെ ഭാഗമായിരുന്നവ അന്യംനിന്നു പോകുന്ന ദൈന്യത കൈവന്നിരിക്കുന്നു. ഇന്ന് ആത്മാർത്ഥതയില്ലാത്ത , അഭിമാന ബോധമില്ലാത്ത മാധ്യമങ്ങളാൽ നിയന്ത്രിക്കപ്പെടുന്നതും തീർത്തും യാന്ത്രികമായി പോകുന്നതുമായ ഓണാഘോഷമല്ലേ നാം കാണുന്നത്. ഓരോ മലയാളിയുടേയും മനസ്സിൽ വിചിന്തന വിഷയമാകുന്ന ഒന്നാണിത് നിരൂപകനായ സുകുമാർ അഴീക്കോട് 'ഓണം മരിക്കുന്നു 'എന്ന് പ്രസ്താവിച്ചത് അതുകൊണ്ട് തന്നെയാകാം.


വിഭിന്നമായ ആചാരനുഷ്ഠാനങ്ങളിലും പ്രകൃതി മനുഷ്യനായി കരുതി വെച്ച ഈ അമൂല്യ സമ്പത്ത് മലയാളിയുടെ മനസ്സിൽ നിന്നും വിദൂരത്താകില്ലെന്ന് നമുക്ക് പ്രത്യാശിക്കാം. മൂല്യശോഷണത്തിന്റെ ഇരകളായ സമൂഹത്തിൽ സംസ്കാരത്തിന്റെ ഓണസങ്കല്പങ്ങൾ കൈമോശം വരാതിരിക്കാൻ നാം പ്രതിജ്ഞാബദ്ധരാകണം.



ബ്ലെസി എ ഐ
HSA



# ലഹരി




ലഹരിയെന്നത് മനുഷ്യനിൽ ആനന്ദമുണ്ടാക്കുന്ന ഒന്നാണ് . ലഹരി രണ്ടു തരത്തിലാണ് ,നല്ലതും മോശമായതും. ചിലർക്ക് സംഗീതം ഒരു ലഹരിയാണ് . അതിലൂടെ അവർ ഒരുപാട് നേട്ടങ്ങൾ കൈ വരിക്കുന്നു. വായന എന്നത് ഒരു ലഹരിയാണ് . അത് നമുക്ക് അറിവു നൽകുന്നു. ഇതുപോലെ ഒരുപാട് നല്ല ലഹരികൾ ഉണ്ട് . അതു നമ്മെ ശോഭനമായ ഭാവിയിൽ എത്തിക്കുന്നു. എന്നാൽ , ഞാൻ ഉൾപ്പെടുന്ന ഈ കാലഘട്ടത്തിലെ ലഹരി എന്നത് മയക്കുമരുന്നാണ്. ഇന്നത്തെ തലമുറ ഭൂരിഭാഗം മയക്കുമരുന്നിൽ അകപ്പെട്ടിരിക്കുന്നു . അതിലെ പ്രധാന കണ്ണികൾ വളർന്നു വരുന്ന യുവതലമുറകളായ കുട്ടികളാണ്. മിഠായികളുടേയും പാനീയങ്ങളുടേയും രൂപത്തിൽ ലഹരി പ്രത്യക്ഷപ്പെടുന്നു. ഇതിനെല്ലാം പിന്നിൽ ചതിയും വഞ്ചനയും നിറഞ്ഞ ദുഷ്ട മനസ്സുകളാണ്. അവർ സൗജന്യമായി  മിഠായികളുടേയും പാനീയങ്ങളുടേയും രൂപത്തിൽ കുട്ടികൾക്കു നൽകി ലഹരിക്ക് അടിമകളാക്കുന്നു . കുറച്ച് കുറച്ചായി അതിലടിമകളാകുന്ന കുട്ടികളെ അവർ മറ്റു കുട്ടികൾക്കു ലഹരി നൽകാൻ പ്രേരിപ്പിക്കുന്നു. ലഹരി ഉപയോഗിക്കുന്നതിലൂടെ അവരുടെ  ജീവിതം ബലി നൽകുകയാണ് എന്ന് അവർ തിരിച്ചറിയുന്നില്ല. ലഹരിയുടെ ഉപയോഗത്താൽ വിവേകവും, ബുദ്ധിയും നശിച്ച് ചുറ്റുമുള്ളവയേയും നശിപ്പിക്കുന്ന തലമുറയാണ് കടന്നു വരുന്നത്. മയക്കുമരുന്ന് മാഫിയ പണത്തിനായി കൊച്ചു കുട്ടികളെ ബലി നൽകുന്നു.ലഹരി ഒരു വ്യക്തിയെ മാനസികമായി മാത്രമല്ല  ശാരീരികമായും തളർത്തുന്നു. മയക്കുമരുന്ന് എന്നത് ഒരു വ്യക്തിയേയോ ഒരു കുടുംബത്തെയോ മാത്രമല്ല സമൂഹത്തെ തന്നെ പൂർണ്ണമായി നശിപ്പിക്കുന്ന ഒരു വിപത്താണ്. ഇന്നു സമൂഹത്തിൽ നടക്കുന്ന സംഭവങ്ങൾ അതിനു തെളിവാണ്. ലഹരിക്കു വേണ്ടി  മകൻ തന്റെ രക്ഷിതാക്കളെ വധിക്കുന്നു. പണത്തിനായി കുട്ടികൾ വലിയ വലിയ മോഷണങ്ങൾ ചെയ്യുന്നു. ഇതുകൂടാതെ ഒരുപാട് സംഭവങ്ങൾ സമൂഹത്തിൽ നടന്നു വരുന്നു. . ലഹരി ഉപയോഗിക്കുന്നതിലൂടെ ക്യാൻസർ പോലുള്ള മാരകരോഗങ്ങൾ ചെറുപ്രായത്തിൽ തന്നെ അവരെ കീഴ്പെടുത്തുന്നു.

ഇതിൽ അകപ്പെടാതിരിക്കാൻ കരുതൽ എടുക്കേണ്ടത്  നമ്മൾ  ഒരുമിച്ചു നിന്നുകൊണ്ടായിരിക്കണം . വായന , സംഗീതം , നൃത്തം തുടങ്ങിയ കലാപരമായ വിഷയങ്ങളിൽ താല്പര്യമുണ്ടാകണം. നാം നമ്മുടെ കഴിവിലൂടെ ലഹരി കണ്ടെത്തണം .നമ്മുടെ ജീവിതം തന്നെയാണ് നമ്മുടെ ലഹരി എന്ന ആശയം മനസ്സിൽ ഉണർത്തിയാൽ മറ്റൊരു മോശമായ ലഹരിക്ക് നമ്മൾ അടിമപ്പെടില്ല.

"ലഹരി മുക്ത കേരളമാകട്ടേ, നവ കേരളം"



Parvathy SA
9 K



SAY NO TO DRUGS

ചിത്രീകരണം:പ്രിയ ടി എം

SAY NO TO DRUGS

# പിടിക്കപ്പെടാത്ത ലഹരി

ലഹരി അരുത്...... എന്ന് പറയുന്ന ഈ ലോകത്തിൽ പിടിക്കപ്പെടാത്ത ലഹരി സ്വയത്തമാക്കിയ ഒരു വ്യക്തിയെ നമുക്ക് പരിചയപ്പെടാം

ദക്ഷിണാഫ്രിക്കയിൽ നടന്ന ഒരു കഥയാണ് ഇത്.ഒരു താന്തോന്നിയായ കുട്ടി.... അവന് പഠിക്കാൻ തീരെ താൽപര്യമുണ്ടായിരുന്നില്ല... തന്നെ പഠിപ്പിക്കുന്ന അദ്ധ്യാപകരോട് യാതൊരു ബഹുമാനവും അവൻ കാണിച്ചിരുന്നില്ല. അങ്ങനെ ഒരു ദിവസം ക്ലാസ്സ് കട്ട് ചെയ്തു ലൈബ്രറിയിലേക്ക് പോയി. ലൈബ്രറിയിലെ ഷെൽഫ് തുറന്നപ്പോൾ കണ്ട പുസ്തകത്തിന്റെ കവർ പേജ് അവനെ ഹഠാദാകർഷിച്ചു.ഫ്രാങ്ക് എർബി എഴുതിയ "ദി ടഷർ ഓഫ് പ്ലെസന്റ് വാലി"എന്ന പുസ്തകമായിരുന്നു അത്. അർദ്ധനഗ്നയായ ഒരു സ്ത്രീ പുകവലിക്കുന്ന ഒരു ചിത്രം ആണ് ആ പുസ്തകത്തിന്റെ പുറംചട്ടയിൽ ഉണ്ടായിരുന്നത്.... അത് കണ്ടപ്പോൾ കൗമാരകാരനായ അവന് അത് വായിക്കാൻ ഒരു കൗതുകം തോന്നി... ആരും കാണാതെ അവൻ ആ പുസ്തകം മോഷ്ടിച്ചു. ആ ദിവസം തന്നെ ആ പുസ്തകം വായിച്ചു തീർത്തു. പിറ്റേ ദിവസം തന്നെ ലൈബ്രറിയിൽ ആരും കാണാതെ പുസ്തകം തിരിച്ചു വെക്കാൻ നോക്കിയപ്പോൾ ആ കഥകാരന്റെ വേറെ ഒരു പുസ്തകം.... അതും ആ കുട്ടി വായിച്ചു തീർത്തു... ആ കഥാകാരന്റെ തുടർച്ചയായ നാലു പുസ്തകം വായിച്ചു കഴിഞ്ഞപ്പോൾ വായന എന്ന ലഹരി അവനെ വരിഞ്ഞു മുറുക്കി... അങ്ങനെ ലൈബ്രറിയിലെ കുറെയേറെ പുസ്തകങ്ങൾ വായിച്ചു തീർത്തു... പിന്നെ അവൻ പതിവായി സ്കൂളിൽ പോകാൻ തുടങ്ങി... പഠിക്കാൻ ഉള്ള പുസ്തകങ്ങളും ദിനപത്രങ്ങളും മാഗസിനുകളും വായിക്കാൻ തുടങ്ങി. അങ്ങനെ ആ കൊച്ചു മിടുക്കൻ വലുതായി ലോ കോളേജിൽ ചേർന്നു അറിയപ്പെടുന്ന വക്കീൽ ആയി.... പിന്നീട് ജഡ്ജ് ആയി മാറി...ഈ കുട്ടി യുടെ പേര് ആണ് ഒല്ലി നീൽ.... ഓരോരുത്തർക്കും ഓരോരു ലഹരിയാണ്. ചിലർക്ക് ഫുട്ബോൾ, ചിലർക്ക് സംഗീതം, ചിലർക്ക് റേസിംഗ്, യാത്ര അങ്ങനെ പോകുന്ന ലഹരി. ഇതാണ് നാച്ചുറൽ ലഹരി. എന്നാൽ ഇന്ന് യുവ തലമുറ പോകുന്നത് സിന്തറ്റിക്ക് ലഹരിയുടെ പിന്നാലെ ആണ്. അത് വലിയ വിപത്തിലേക്കു കുട്ടികളെ എത്തിക്കുന്നു. കുടുംബ ബന്ധങ്ങളെ, സുഹൃത്ബന്ധങ്ങളെ, സാമൂഹിക ബന്ധങ്ങളെ., പിന്നെ സ്വപ്നങ്ങളെ, ഭാവിയെ എല്ലാമെല്ലാമായ ജീവനെ തന്നെ നഷ്ട്ടപെടുന്നു. അങ്ങനെയെങ്കിൽ നാച്ചുറൽ ലഹരി കണ്ടെത്തേണ്ടത് അവനവന്റെ ഉത്തരവാദിത്തം ആണോ??,. ഒരിക്കലുമല്ല...
അവിടെയാണ് ഈ കഥയുടെ ആരും അറിയാത്ത ഭാഗം ഉള്ളത്..
വളരെ കാലങ്ങൾക്ക് ശേഷം സ്കൂളിലെ പൂർവ്വ വിദ്യാർത്ഥിസംഗമം നടക്കുന്നു. ആ സംഗമത്തിൽ ഒല്ലി നീൽ പലതവണ കരയിപ്പിച്ചിട്ടുള്ള ഗ്രാഡി ടീച്ചർ ആ സംഭവം പറയുന്നത്. അത് കേട്ട് ഒല്ലി നീൽ സത്യത്തിൽ ഒന്ന് ഞെട്ടി. ഒല്ലി നീൽ ആ ലൈബ്രറിയിൽ നിന്നും പുസ്തകം മോഷ്ടിക്കുന്നത് കണ്ട് ഏക ദൃക്സാക്ഷി ആയിരുന്നു ആ ടീച്ചർ. അന്ന് ഗ്രാഡി ടീച്ചർ അവനെ കൈയ്യോടെ പിടികൂടിയില്ല,അവനെ എല്ലാവരുടെയും മുൻപിൽ വച്ചു അതിക്ഷേപിച്ചില്ല, പകരം അവൻ ഏതു പുസ്തകം ആണ് മോഷ്ടിച്ചതെന്നു നോക്കി. അത് ഫ്രാങ്ക് എറമ്പിയുടേതെന്നു മനസ്സിലാക്കി. പിറ്റേദിവസം ആ എഴുയത്തുകാരന്റെ മറ്റൊരു പുസ്തകം അവിടെ വച്ചു. ഇത് ടീച്ചർ ആവർത്തിച്ചു കൊണ്ടിരുന്നു. ഇതിനുവേണ്ടി ടീച്ചർ മൈലുകൾ വണ്ടി ഓടിച്ചുപോയി സ്വന്തം പൈസക്കൊടുത്ത് വാങ്ങിച്ചിട്ടാണ് ലൈബ്രറിയിൽ പുസ്തകം വച്ചിരുന്നത്. അങ്ങനെ പുസ്തകം വായിക്കാനുള്ള അവന്റെ ആഗ്രഹത്തെ വളർത്തി കൊണ്ടുവരാൻ ആ ടീച്ചർ ആരും അറിയാതെ ആത്മാ ർത്ഥമായി പരിശ്രമിച്ചു. ഇതുപോലെ നമ്മുടെ മക്കൾക്കും വേണം ഗ്രാഡി ടീച്ചറെ പോലെ ഒരു ടീച്ചർ. സിന്തറ്റിക് ലഹരി ഉപയോഗിക്കുമ്പോൾ അവർ പരസ്പരം പറയുമത്രേ ഇത് ഉപയോഗിച്ച് നോക്ക് അത് ഉപയോഗിച്ച് നോക്കു എന്നു. അവരോടു എനിക്ക് പറയാനുള്ളത് ഇതാണ്. ജീവിതമാകുന്ന ലഹരി അറിയാത്തത് കൊണ്ടാണ്. ഒരുപക്ഷെ അതിന്റെ ലഹരി നിങ്ങൾ അറിഞ്ഞു തുടങ്ങിയാൽ പിന്നെ ഒരിക്കലും സിന്തറ്റിക് ലഹരിയുടെ പിന്നാലെ നിങ്ങൾ പോവുകയില്ല. കുട്ടികളെ, "നിങ്ങളുടെ ലക്ഷ്യങ്ങൾ നിങ്ങളുടെ ലഹരി ആയി മാറിയാൽ, അങ്ങനെ നാച്ചുറൽ ലഹരിയായി നിങ്ങളുടെ ലക്ഷ്യങ്ങളെ മാറ്റാൻ സാധിച്ചാൽ അതിനേക്കാൾ വലിയ ഒരു സിന്തറ്റിക്ക് ലഹരിയും ഈ ഭൂമിയിൽ കണ്ടുപി ടിച്ചിട്ടില്ല". നമുക്കും ഒല്ലി നീലിനെ പോലെ ആരും പിടിക്കപെടാത്ത ഒരു ലഹരിയെ അഭ്യസിക്കാൻ ശ്രമിക്കാം.... നല്ല ഒരു ഭാവി സ്വപ്നം കാണാം....



സൗമ്യ സാമുവൽ
HSA

# സ്വാഭാവിക ബുദ്ധി കൃത്രിമബുദ്ധിയെ നിർമ്മിക്കുമ്പോൾ

നിർമ്മിത ബുദ്ധി( Artificial Intelligence) നമ്മുടെ ജീവിതത്തിൻെറ ഭാഗമായിട്ട് കാലം കുറച്ചായി. സ്മാർട്ട് ഫോൺ തുറക്കുന്നതിന് മുഖം തിരിച്ചറിയൽ സങ്കേതം തുടങ്ങി , ഇൻറർനെറ്റിൽ ബ്രൗസറുകളും ഫെയ്സ്ബുക്കും നമ്മുടെ ആവശ്യങ്ങളും  അഭിരുചിയും മനസ്സില്ലാക്കുന്നതും , ഇ-മെയിലുകളിൽ സ്പാം അടയാളപ്പെട്ടു കാണുമ്പോൾ അങ്ങനെ നിത്യജീവിതത്തിലെ നിരവധി സന്ദർഭങ്ങളിൽ നമുക്ക് നിർമ്മിതബുദ്ധിയുടെ ഉപയോഗം കാണാൻ കഴിയും. എന്നാൽ നിർമ്മിത ബുദ്ധി പൊതുജനങ്ങളുടെ സജീവ ശ്രദ്ധയിലേക്ക് വരുന്നത് 2015 ൽ സാം ആൾട്ട്മാന്റെ നേതൃത്വത്തിൽ രൂപവൽകരിച്ച ഓപ്പൺ എഐ എന്ന അമേരിക്കൻ കമ്പനി അവരുടെ ചാറ്റ്ബോട്ടിന്റെ 3 -ാം പതിപ്പ് ചാറ്റ്ജിപിടി -3 2022 നവംബർ 30 ന് പരീക്ഷണാടിസ്ഥാനത്തിൽ പൊതു ജനങ്ങൾകായി പുറത്തിറക്കിയതോടെയാണ് അന്നു മുതൽ ടെക് ലോകത്ത് ചാറ്റ് ജിപിടിയാണ് താരം . ചാറ്റ്ജിപിടിയും അതിന്റെ പിന്നിലെ സങ്കേതികവിദ്യയായ നിർമ്മിത ബുദ്ധിയുമാണ്  ലോകം ഇന്ന് കൂടുതൽ ചർച്ച ചെയ്യുന്നത് .




## എന്താണ് ചാറ്റ് ജിപിടി ?

ചാറ്റ്ജിപിടിയുടെ പൂർണ്ണരൂപം ( chat Generative Pre trained Transformer) എന്നാണ് . മനുഷ്യ ഭാഷ മനസ്സിലാക്കുവാനും നിർമ്മിക്കുവാനും ശേഷിയുള്ള നിർമ്മിത ബുദ്ധിയിൽ അധിഷ്ഠിതമായ ഒരു ടൂൾ ആണ് ഇത് ഏത് വിഷയത്തെക്കുറിച്ചറിയാനും ഗൂഗിൾ  സെർച്ച് ചെയുകയാണലോ ഇതുവരെയുള്ള നമ്മുടെ രീതി. ചാറ്റ്ജിപിടിയുടെ വരവോടെ ഇതിന്ന് മാറ്റം വന്നിരിക്കുന്നു ഗൂഗിളിൽ സെർച്ച് ചെയുമ്പോൾ നമ്മൾ അന്വേഷിക്കുന്ന വിവരങ്ങളടങ്ങിയ വെബ് പേജുകൾ ചൂണ്ടി കാണിച്ച് തരുകയാണ് ഗൂഗിൾ ചെയ്യുന്നതെങ്കിൽ ചാറ്റ്ജിപിടി മനുഷ്യ സ്വഭാവിക ഭാഷയിൽ കൃത്യമായ ഉത്തരങ്ങൾ തന്നെ നൽകുന്നു എന്നതാണ് അതിനെ ജനപ്രിയമാക്കിയത്. 2023 March 14 ന് chat Gpt - 4 പുറത്തിറങ്ങി

"In kerala's lush

and verdant land

The farmers toil with humble hand's

Their cows they tend

ധാരാളം മഴക്കിട്ടുന്ന കേരളത്തിന്റെ സസ്യസമൃദ്ധമായ(lush and verdant )ഭൂപ്രകൃതിയെ ചാറ്റ്ജിപിടി ശരിയായി മനസ്സിലാക്കിയിരിക്കുന്നത് നമ്മളെ ആദ്യവരികളിൽ തന്നെ വിസ്മയം തോന്നിക്കാതിരിക്കുമോ ? ഇതുപോലെ നമ്മൾ മറ്റ് എന്ന് ചോദിച്ചാലും നമുക്ക് ഒരു സംഭാഷണം പോലെ അതിനെക്കുറിച്ച് ആഴങ്ങളിലേക്ക് എത്തുവാനും ചാറ്റ് ജിപിടി സഹായകരമാകുന്നു. സംഭാഷണത്തിൽ ഉപയോക്താവ് പറയുന്ന കാര്യങ്ങൾ ചാറ്റ്ജിപിടി ഓർത്ത് വെയ്ക്കുന്നുണ്ട് ഉദാഹരണതിന് " കേരളത്തിന്റെ മുഖ്യമന്ത്രിയുടെ പേര് എന്ത് "? എന്ന ആദ്യ ചോദ്യത്തിന് ചാറ്റ് ജി പി ടി മറുപടി പറഞ്ഞതിനു ശേഷം രണ്ടാമത്തെ ചോദ്യം "ഗവർണർ ആരാണ് " എന്ന് മാത്രം ചോദിച്ചാലും ആദ്യ ചോദ്യത്തിന്റെ ഓർമ്മയിൽ നിന്ന് നമ്മൾ രണ്ടാമത് ചോദിക്കുന്നത് കേരളത്തിന്റെ ഗവർണറുടെ പേരാണ് എന്ന് ചാറ്റ് ജിപിടി സ്വയം മനസ്സിലാക്കി ഉത്തരം നൽകുന്നു. ചാറ്റ് ജിപിടിയോട് ചോദ്യങ്ങൾ ചോദിക്കുമ്പോൾ ഒരു യന്ത്രത്തോടല്ല മനുഷ്യനോടാണ് നാം സംസാരിക്കുന്നതെന്ന പ്രതീതി ജനിപ്പിക്കുവാൻ ഈ പ്രത്യേകതകൾ കൊണ്ട് കഴിയുന്നു .

നല്ല ബുദ്ധിയും അറിവും വിവേകവുമുള്ള ഒരു മനുഷ്യനോട് സംസാരിക്കുവാൻ അവസരം കിട്ടുമ്പോഴെന്ന പോലെ സുഖദമായ ഒരു അനുഭവം ചാറ്റ്ജി പിടി നമുക്ക് നൽകുന്നു.

CHAT
GPT



KAILAS P PRAKASAN
9G

CHAT
GPT

# കുട്ടിയും റോബോട്ടും

കൂട്ടുകാരില്ലാത്ത കുട്ടി ഞാൻ,

എന്നോടു കൂട്ടു കൂടാമോ നീ ജോട്ടൂ?

പാട്ടൊന്നു പാടാമോ ,എന്റെ

ചോദ്യങ്ങൾക്കുത്തരം നല്കാമോ നിത്യം ?

ഒന്നു ചിരിക്കുമോ?

സങ്കടമെത്തുമ്പോൾ

ഒന്നു കരയുമോ കൂടെ?

എന്റെ കയ്യൊന്നു പിടിക്കുമോ ,കാലിന്ന വയ്യാത്ത കുട്ടി ഞാനല്ലോ

ചീത്ത പറയില്ലയെന്നെ എൻ മിത്രം നീ,

മൂത്തവരെ പ്പോലെ, ഭാഗ്യം!

കണ്ടു പിടിക്കയെനിക്കായ് ഇരുന്നുള്ള നല്ല കളികൾ രസിക്കാൻ കൊള്ളുന്ന

കഥകളും ചൊൽക ,

പോകുവാൻ വയ്യല്ലോ സ്കൂളിൽ പഠിക്കാൻ

കൊണ്ടുവരൂ പൂക്കൾ, ഉണ്ടാക്കിടാം ഇല കൊണ്ടൊരു കൂടുകിളിക്കായ് .

വേണ്ടെന്നെനാർക്കു ; അറിയാം നിനക്കില്ല വിദ്വേഷം മർത്ത്യരെപ്പോലെ !

യന്ത്രമെന്നല്ലോ വിളിക്കുന്നു മൂത്തവൻ

നിന്നെ,ഞാൻ   പങ്കിടാമല്പം   എന്റെ

ഹൃദയം നമുക്കാദ്യമായിട്ടൊന്നുള്ളു തുറന്നു ചിരിക്കാം

കൂട്ടുകാരില്ലാത്ത കുട്ടി ഞാൻ നീയന്റെ

കൂട്ടാവൂ രാവും പകലും....



KAILAS P PRAKASAN
9G



# എൻെറ അവധിദിവസം



രാവിലെ എഴുന്നേറ്റ് കോട്ടുവായുമിട്ട് പല്ലൊന്നു തേച്ചെന്നു വരുത്തി, പുറത്തിറങ്ങി.ചായയും കടിയുമൊക്കെ വയറ്റിലാക്കി. പ്രിയ കാഴ്ചവസ്തുവായ ടി.വി ഓൺ ചെയ്ത് സോഫയുടെ അറ്റം കൈവശമാക്കി. ടി.വി കാണുമ്പോഴും ഫോൺ നോക്കണം. ഉച്ചയ്ക്കും ടി.വി തന്നെ ശരണം.ഉച്ചയൂണും കഴിഞ്ഞ് 2 മണിയോടെ പ്രിയ ചങ്ങാതിയുടെ വീട്ടിലേക്ക്.... അവിടത്തെ കാഴ്ചയും മറ്റൊന്നല്ല. ശനിയാഴ്ചയുടെ ആഹ്ലാദത്തിൽ ഊണും കഴിച്ച് സോഫയുടെ അങ്ങേ അറ്റം മുതൽ ഇങ്ങേ അറ്റം വരെ കീഴ്പ്പെടുത്തി കിടക്കുകയാണ് അവൻ. എന്നെ കണ്ടതും, ഞാൻ വന്നിട്ടുണ്ടെന്നും എൻ്റെ കൂടെ പോയി കളിച്ചോ എന്നും അമ്മയുടെ ശബ്ദം അകത്തുനിന്ന് ഞാൻ കേട്ടു. അവൻ്റെ ഭാവം മാറി. അവൻ അമ്മയെ നോക്കി. ഞാൻ ഇതൊന്നും കാര്യമാക്കാതെ അവൻ്റെ ചെവിയിൽ പറഞ്ഞു. "നിൻ്റെയൊക്കെ ഒരു യോഗം. "ഉടനെ വന്ന അവൻ്റെ മറുപടി എന്നിൽ ചിരി പടർത്തി. "എടാ.. ശനിയാഴ്ചത്തെ ഒരേ ഒരു സീരിയൽ 2.30 നാണ്". ഞങ്ങൾ ഇരുവരും ഗ്രൗണ്ടിൽ പോയി. ഗ്രൗണ്ടിൽ പന്തുകളിയുടെ ബഹളമാണ്. ടീമിലെ അംഗങ്ങളെ നിശ്ചയിക്കും മുമ്പാണ് ഞങ്ങൾ എത്തിയത്. അംഗങ്ങളെ അക്കമിട്ട് എടുത്തു. ഇത് കണ്ടംകളിയുടെ ഒരു പ്രധാന ചടങ്ങാണ്. ദൗർഭാഗ്യവശാൽ ഞങ്ങൾ ഇരുവരും ഇരുടീമിലാണ്. പന്തുകളി തുടങ്ങിയാൽ പന്തിനു കിട്ടുന്ന തൊഴിക്ക് കണക്കില്ല ഇതിനിടയിൽ പന്തു കാലിൽ തൊട്ടാൽ തുടങ്ങും ടീമിൻ്റെ അലറിവിളിയും എതിർടീമിൻ്റെ ഗൂഢാലോചനയും. "എനിക്ക്... എനിക്ക്..." എന്ന വിളി കേട്ടാൽ തോന്നും അവരാണ് എന്നത്തെയും മിന്നും താരങ്ങളെന്ന്. ഓരോ ടീമിലും ഓരോ കളിക്കാരൻ്റെയും കുറ്റം കണ്ടെത്താൻ കഴുകന്മാരെപ്പോലെ ഓരോരുത്തരുണ്ടാകും. കളിയുടെ രസം ഇതൊന്നുമല്ല, എവിടെയെങ്കിലും നിന്ന് കുറ്റാന്വേഷകരായ കഴുകന്മാർ തമ്മിലുള്ള പോര്.എന്തിനു വേണ്ടിയെന്നറിയില്ല. എങ്കിലും ബഹുരസമാണ്. ഇതും കഴിഞ്ഞ് ചങ്കും ചങ്കുമായും കുട്ടനും പൊട്ടനുമായും നടക്കുമ്പോൾ എന്തേലുമൊക്കെ പറഞ്ഞ് വീട്ടിൽ കയറും. 5 മെസേജ് അങ്ങോട്ടും ഇങ്ങോട്ടും. പിന്നെ ഒരു ഗുഡ് നൈറ്റും ഇതാണ് എൻ്റെ അവധി ദിവസം.



Benjamin Biju
9L

# ബുദ്ധിമാനായ മുയൽക്കുഞ്ഞ്

ഒരിക്കൽ ഒരു കാട്ടിൽ ഒരു അമ്മ മുയലും മുയൽക്കുഞ്ഞും ഉണ്ടായിരുന്നു. ഒരു ദിവസം മുയൽക്കുഞ്ഞ് അമ്മയോട് ചോദിച്ചു അമ്മേ... ഇവിടെ അടുത്ത് നിറച്ചും കൂണുകൾ ഉണ്ട് ഞാൻ ശേഖരിച്ചുകൊണ്ട് വരട്ടെ. അപ്പോൾ അമ്മ പറഞ്ഞു സൂക്ഷിച്ചു പോകണം അവിടെ ഒരു ചെന്നായ ഉള്ള സ്ഥലമാണ് വളരെ ദൂരത്തേക്കൊന്നും പോവരുത്. മുയൽക്കുഞ്ഞ് പുറപ്പെട്ടു. അവൻ ആ സ്ഥലത്തെത്തി കൂണുകൾ ഒരു കുട്ട നിറയെ ശേഖരിച്ചു. ആ സമയത്താണ് അവൻ ഒരു ചെന്നായയെ കണ്ടത്. അവന് ഓടി രക്ഷപ്പെടാനുള്ള സമയമുണ്ടായിരുന്നില്ല. അപ്പോഴാണ് അവന് ഒരു ബുദ്ധി തോന്നിയത്. അവൻ വയറ് വേദനിക്കുന്നേ........ എന്ന് പറഞ്ഞ് അലറി. ചെന്നായ വന്ന് ചോദിച്ചു എന്താണ് പറ്റിയത്? മുയൽക്കുഞ്ഞ് പറഞ്ഞു എനിക്ക് വയറ് വേദനിക്കുന്നു. ഞാൻ വിഷമുള്ള കൂൺ അറിയാതെ കഴിച്ചു. ഞാൻ ഇപ്പോൾ തന്നെ മരിക്കും എന്നാണ് തോന്നുന്നത്. മുയൽക്കുഞ്ഞ് വീണ് മരിച്ച പോലെ അഭിനയിച്ചു. ചെന്നായക്ക് മുയലുകളുടെ ഇറച്ചി വളരെ ഇഷ്ടമാണ് ചെന്നായ മുയൽക്കുഞ്ഞിനെ മണത്തു. ചെന്നായ ഭയന്നു ഇവൻ വിഷമുള്ള കൂൺ കഴിച്ചതല്ലേ ഞാൻ ഇവനെ കഴിച്ചാൽ എനിക്കും എന്തെങ്കിലും പറ്റിയാലോ എന്ന് വിചാരിച്ചു. ചെന്നായ അവിടെ നിന്ന് പോയി അത് കണ്ട് മുയൽക്കുഞ്ഞും എഴുന്നേറ്റ് ഓടി പോയി. അങ്ങനെ അവൻ സുരക്ഷിതനായി വീട്ടിലെത്തി.........



ചിത്രീകരണം:പ്രിയ ടി എം



Vishnunarayanan. C.B
9H

# എന്റെ ഉപജില്ല ക്യാമ്പ് അനുഭവം.

കുന്നംകുളം,അക്കിക്കാവ്, പെരുമ്പിലാവ് സ്ക്കൂളിൽ വെച്ചായിരുന്നു 2023-26 LK ബാച്ചുക്കാരുടെ ഉപജില്ലാ ക്യാമ്പ് ഉണ്ടായിരുന്നത്. അവിടെ രാവിലെ എട്ടു മണിയോടുകൂടി ഞാനും എന്റെ അമ്മയും എത്തി ചേർന്നു. അമ്മ "നിനക്ക് മൊബൈൽ വേണമോ" എന്നു ചോദിച്ചുവെങ്കിലും, ഞാൻ വേണ്ടാ എന്നു പറഞ്ഞു. കാരണം നിറയേ വർക്കുകൾ ലാപ് ട്ടോപ്പിൽ ചെയ്യാനായി അവർ തരുമെന്ന് ഞാൻ വിചാരിച്ചു. അവിടെ എത്തിയതും എന്റെ കൂട്ടുക്കാരായ ബെഞ്ചമിന്റെയും ഷെൽവിന്റെയും ഒപ്പം ഞങ്ങളിരിക്കുന്ന ഇടം എവിടെയാണെന്നു കണ്ടുപിടിക്കേണ്ടിയിരുന്നു. ഞാൻ ആ സ്ക്കൂളിൽ പലവട്ടം പോയിട്ടുണ്ടെങ്കിലും എനിക്ക് അവിടത്തേ കുറിച്ച് ഒന്നും അറിയില്ലായിരുന്നു

അവസാനം ഞങ്ങളേയും അവിടെ കൂടി നിൽപ്പുണ്ടായിരുന്ന മറ്റു ചില കുട്ടികളേയും ക്യാമ്പിന്റെ ഇൻചാർജ് ടീച്ചർ വന്നു വിളിച്ചു കൊണ്ടു പോയി ഞങ്ങൾ ഇരിക്കേണ്ട അതാതു ക്ലാസുകൾ കാണിച്ചു തന്നു. ക്ലാസിലെത്തിയതും എല്ലാ
കുട്ടികൾക്കും തങ്ങളുടെ ലാപ്ട്ടോപ്പുകൾ ഓൺ ചെയ്യാനും ചാർജ് ചെയ്ത് വെക്കാനും തിടുക്കമായി. പ്രോഗ്രാമിങ് വിഭാഗത്തിൽ പെട്ട കുട്ടികളേയും ആനിമേഷൻ വിഭാഗത്തിൻ പെട്ട കുട്ടികളേയും വേറേ- വേറേ ക്ലാസുകളിലായായിരുന്നു ഇരുത്തിയിട്ടുണ്ടായിരുന്നത്.

അങ്ങനേ ക്യാമ്പ് തുടങ്ങി. ടീച്ചർ ക്യാമ്പിനേ കുറിച്ച് ഞങ്ങൾ അറിഞ്ഞിരിക്കേണ്ട കുറച്ചു കാര്യങ്ങൾ ഞങ്ങൾക്ക് പറഞ്ഞു തന്നു. പിന്നെ അങ്ങോട്ട് ക്ലാസ് തന്നെയായിരുന്നു. കുറച്ചു നേരം കൂടും തോറും അവർ ഞങ്ങൾക്ക് ചായയും പലഹാരങ്ങളും തരുമായിരുന്നു. കൂടുതൽ പ്രവർത്തനങ്ങളും ഓപൺടൂൺസ് എന്ന സോഫ്റ്റ് വെയർ ഉപയോഗിച്ചായിരുന്നു ഉണ്ടായിരുന്നത്. അങ്ങനെ ആദ്യ ദിവസം കുറേ പ്രവർത്തനങ്ങളിലൂടെയും കളിചിരികളിലൂടെയും കടന്നുപോയി.

ക്യാമ്പിന്റെ രണ്ടാം ദിവസം ആരംഭിച്ചു. ഓപൺ ടൂൺസിൽ ചെയ്യാനുണ്ടായിരുന്ന ഞങ്ങളുടെ പ്രവർത്തനങ്ങൾ അവസാനിച്ചിരുന്നു. അന്ന് ഞങ്ങൾക്ക് ഇതുവരെ ഉപയോഗിച്ച് പരിചയമില്ലാതിരുന്ന ഒരു സോഫ്റ്റ് വെയറിലായിരുന്നു അന്നത്തെ പ്രവർത്തനം. ബ്ലെന്റർ 3D അനിമേഷൻ സോഫ്റ്റ്‌വെയർ. ഞങ്ങൾ വിചാരിച്ചതു പോലെ അതി കഠിനമായ പ്രവർത്തനങ്ങൾ ഒന്നു ഞങ്ങൾക്ക് ചെയ്യേണ്ടി വന്നില്ല. തന്നിട്ടുണ്ടായിരുന്ന പ്രവർത്തനം എന്നത് ഒരു ടൈറ്റിൽ മേക്കിങ്ങായിരുന്നു. അതിനു ശേഷമായിരുന്നു ഈ ഉപജില്ല ക്യാമ്പിന്റെ ഏറ്റവും പ്രധാനപ്പെട്ട ഘട്ടം. അസൈൻമെന്റ്. ഞങ്ങൾക്ക് തന്നിട്ടുണ്ടായിരുന്നു. അസൈൻമെന്റ് എന്തായിരുന്നു എന്നു വെച്ചാൽ, ഞങ്ങൾ ഇതുവരെ ഓപ്പൺ ടൂൺ സിൽ ചെയ്ത്ത എല്ലാ പ്രവർത്തനങ്ങളും ബ്ലെന്ററിൽ നിർമ്മിച്ച ടൈറ്റിലും അതിനു പുറമേ ഞങ്ങളുടേതായ കുറച്ചു സീനുകളും നിർമ്മിച്ച് ഇവയെല്ലാം കൂടി കെഡൻ ലൈവ് എന്ന വീഡിയോ എഡിറ്റിംങ് സോഫ്റ്റ്‌വെയർ ഉപയോഗിച്ച് ഒരു ഷോർട്ട് ഫിലിം നിർമ്മിക്കുക എന്നതായിരുന്നു. ഉച്ച ഭക്ഷണം ഞാൻ ഉടനെ തന്നെ കഴിച്ച് അസൈൻമെന്റിലേക്കു ഞാൻ

തിരിഞ്ഞു. ഉച്ചതിരിഞ്ഞ് 3 മണി വരെയായിരുന്നു ഞങ്ങൾക്കു തന്നിട്ടുണ്ടായിരുന്ന സമയം. ഞാൻ എന്റെ അസയിൻമെന്റ് പെട്ടെന്ന് തീർത്തെങ്കിലും മറ്റു ചില കുട്ടികൾക്ക് സാധിക്കുന്നുണ്ടായിരുന്നില്ല. പറ്റാവുന്നത്രയും അവരെ സഹായിച്ചും അവർക്ക് പറഞ്ഞു കൊണ്ടുത്തും ഞങ്ങളുടെ അസയിൻമെന്റിന്റെ സമയം അവസാനിച്ചു. അങ്ങനെ ക്യാമ്പ് അവസാനിക്കാറായ നിമിഷം ടീച്ചർ ഞങ്ങളിൽ ഒരു കുട്ടിയേ തങ്ങളുടെ ക്യാമ്പിന്റെ അനുഭവം പങ്കും വെക്കാനായി വിളിച്ചു. ആരും പോകുന്നില്ല എന്നു കണ്ടപ്പോൾ ഞാൻ എഴുന്നേറ്റു പോയി എനിക്ക് ക്യാമ്പിനെ കുറിച്ചുണ്ടായിരുന്ന അഭിപ്രായം ഞാൻ വ്യക്തമാക്കി. അതോടെ ക്യാമ്പ് അവസാനിക്കുകയും ചെയ്യ്തു.

( കൂടാതെ ഞാൻ ലിറ്റിൽ കൈറ്റ്സിന്റെ ജില്ലാ ക്യാമ്പിലേക്ക് സെലക്റ്റാവുകയും ചെയ്തു.)



SHARON M B
9I

# സമൂഹമാധ്യമങ്ങൾ

സമൂഹമാധ്യമങ്ങൾ നമ്മുടെ നിത്യജീവിതത്തിൽ വളരെയധികം സ്വാധീനംചെലുത്തുന്നു. ഇവയെകൊണ്ടുള്ള ഗുണപരമായ കാര്യങ്ങൾ നിരവധിയാണ്. അറിവുകളും വിവരങ്ങളും തത്സമയം നൽകാനും ആളുകളെ സംഘടിപ്പിക്കാനും സാമൂഹികപ്രശ്നങ്ങളിൽ കാര്യക്ഷമമായി ഇടപടാനും ഏതുപ്രശ്നത്തിലും അഭിപ്രായം പ്രകടിപ്പിക്കാനുമുള്ള സാധ്യത നവമാധ്യമങ്ങളിലുണ്ട്. ഇന്നത്തെ യുവതലമുറ അവരുടെ ആശയങ്ങളും അറിവുകളും പ്രതികരണങ്ങളുമെല്ലാം നവമാധ്യമങ്ങളിലൂടെ പങ്കുവയ്ക്കുന്നു. ലോകത്തിന്റെ ഏതുകോണിലിരുന്നാലും ഒരു കൂട്ടായ്മയായി പ്രവർത്തിക്കാൻ കഴിയുന്നു എന്നതാണ് ഇവയുടെ ഏറ്റവും വലിയ സവിശേഷത. പ്രളയക്കാലത്ത് നവമാധ്യമങ്ങൾ ഇൻഫർമേഷൻ സെന്ററുകളായി മാറുന്നത് നാം കണ്ടതാണ്. ഇത്രയേറെ ഗുണങ്ങൾ ഉണ്ടെങ്കിലും ചിലരെങ്കിലും ഇവ തെറ്റായരീതിയിൽ ഉപയോഗിക്കുന്നുണ്ട്. അത് ഒരു നല്ല പ്രവണതയല്ല. സമൂഹമാധ്യമങ്ങളെ നല്ലരീതിയിൽ ഉപയോഗിച്ച് അത് സമൂഹനന്മക്കും വികാ സത്തിനും വേണ്ടി പ്രയോജനപ്പെടുത്താൻ നാം ശ്രദ്ധിക്കേണ്ടതാണ്.



NIVEDYA. A.A
9-F

# പ്രസംഗവും പ്രവൃത്തിയും

കാട്ടിൽ ഒരു പൊതുസമ്മേളനം നടന്നു. പലരും പ്രസംഗിച്ചു. പ്രാസംഗികരിൽ ഒരാളായിരുന്ന മുയൽ ആവേശത്തോടെ ഇങ്ങനെ പറഞ്ഞു.

' അതിക്രമങ്ങളുടെ വിളനിലമാണ് ഈ കാട്. കിട്ടിയവർക്ക് കിട്ടി. ഇല്ലാത്തവർക്ക് ഇല്ല എന്നതാണ് അവസ്ഥ. ഇക്കണക്കിനു പോയാൽ നാം എവിടെ ചെന്നെത്തുമെന്ന് അറിയില്ല . എല്ലാവർക്കും ന്യായമായ വിഹിതം അനുഭവിക്കാൻ അവസരമുണ്ടാക്കണമെന്നാണ് എന്റെ ശക്തമായ അഭിപ്രായം. അതിനുവേണ്ടി നാം പടപൊരുതുകയും വേണം '.

'കൊള്ളാം പ്രസംഗം പൊടിപൊടിപ്പനായിട്ടുണ്ട്! ഒരു സിംഹം കൈയടിച്ചു പറഞ്ഞു .രോമാവൃതമായ കാലുകൾ . പക്ഷേ അതിൽ ഞങ്ങൾക്കുള്ളതുപോലെ നീണ്ട നഖങ്ങളില്ല . വായിൽ കൂർത്ത പല്ലുകളുമില്ല. എന്ന കുറ്റമേ പറയാനുള്ളൂ .

പ്രസംഗിക്കാൻ എളുപ്പമാണ് . പ്രവർത്തിയിൽ കൊണ്ടുവരാൻ വേറെ ചില ഗുണങ്ങൾ കൂടി വേണം

Shifa parvin
9B



SHIFA PARVIN
9B

# *മറവി*

രാമൻമാഷ് ഒരു കാലത്ത് പ്രസിദ്ധനായ അധ്യാപകനായിരുന്നു. എല്ലാ വിദ്യാർത്ഥികളും അദ്ദേഹത്തെ ആദരിച്ചുപോന്നത് പരിജ്ഞാനത്തിന്റെയും സ്നേഹത്തിന്റെയും നദിയായിരുന്നുവെന്ന് മനസ്സിലാക്കിയതുകൊണ്ടാണ്.

അദ്ദേഹം സ്കൂളിൽ നിന്ന് വിരമിച്ചപ്പോൾ, പലരും അദ്ദേഹത്തെ വിസ്മരിച്ചു.

ഗ്രാമത്തിലെ റോഡിലൂടെ നടന്നു പോകുമ്പോൾ, പരിചയമുള്ളവരും അപരിചിതരുമായ പലരും അദ്ദേഹത്തെ നോക്കി കടന്നുപോകുമായിരുന്നു.

ഒരു ദിവസം, ഒരു ചെറുപ്പക്കാരൻ അയാളുടെ മുന്നിലേക്ക് ഓടിയെത്തി. *"മാഷേ, ഓർമ്മയുണ്ടോ?"*

രാമൻമാഷ് ആർത്തിയോടെ നോക്കി. *"മോനേ, എനിക്ക് സത്യമായി ഓർമയില്ല. നീ ആരാ?"*

ചെറുപ്പക്കാരൻ ചിരിച്ചു. *"ഞാൻ ഗോപാലനാണ്. മാഷ് എപ്പോഴോ എന്നോട് പറഞ്ഞ ഒരു വാക്ക് എന്റെ ജീവിതം മാറ്റിയിരിക്കുന്നു!"*

മാഷ് അതിശയിച്ചു. *"എന്ത് വാക്ക്?"*

*"ജീവിതത്തിൽ എത്രവട്ടം വീണാലും, ഉയരാൻ തയ്യാറാവൂ."*

ഗോപാലൻ ആ വാക്കുകൾ ആഴത്തിൽ സ്വീകരിച്ചവൻ ആയിരുന്നു. കടുത്ത ബുദ്ധിമുട്ടുകളെ അതിജീവിച്ച് ഒരു വലിയ ബിസിനസ് സ്ഥാപനം തുടങ്ങിയവൻ.

രാമൻമാഷ് അവനെ അഭിമാനത്തോടെ നോക്കി. *"ഞാൻ മറന്നുപോയ ഒരു വാക്ക്, നീ ഓർത്തു!"*

### *പാഠം:*
ചെറുതെന്ന് തോന്നുന്ന ഒരൊറ്റ വാക്ക് പോലും ഒരാളുടെ ജീവിതം മാറ്റാൻ കഴിയും.



Abhijith. K
9.K

# ചങ്ങാത്തം



ആറാം ക്ലാസ് വരെ ഒരുമിച്ച് പഠിച്ച മിന്നും ചിന്നുവും എത്ര അടുപ്പമായിരുന്നു!
ഒരുമിച്ചിരുന്ന് പാഠം പഠിക്കലും ഭക്ഷണം പങ്കിടലും കളികൾ നടത്തലും എന്തെല്ലാമായിരുന്നു!!!

അങ്ങനെയിരിക്കെയാണ് ചിന്നുവിന്റെ അച്ഛന് പുതിയ ജോലി ലഭിച്ച് ആലപ്പുഴ എന്ന നഗരത്തിലേക്ക് മാറേണ്ടി വന്നത്.അതറിഞ്ഞതോടെ മിന്നു ഭയന്നുപോയി.

"ചിന്നു ഇല്ലാതെ ഞാനെങ്ങനെ ജീവിക്കും?"എന്ന് മിന്നു വിചാരിച്ചു. വിടവാങ്ങലിന്റെ ദിവസം ഇരുവരുടെയും കണ്ണുകളിൽ കണ്ണുനീർ നിറഞ്ഞിരുന്നു.

"എനിക്ക് പോസ്റ്റ് കാർഡ് വാങ്ങിക്കണം ചിന്നു!"മിന്നു പറഞ്ഞു. ഞാൻ നഗരത്തിലേക്ക് മടങ്ങും മുമ്പ് തന്നെ നിനക്ക് പോസ്റ്റ് കാർഡ് വാങ്ങിക്കാം"എന്ന് ചിന്നു മിന്നുവിന് ഉറപ്പു കൊടുത്തു.

അങ്ങനെ ചിന്നു മറ്റൊരു നഗരത്തിലേക്ക് യാത്രയായി.

ആദ്യമാസം മിന്നും ചിന്നുവും ഇരുവരുടെയും വിശേഷങ്ങൾ കത്തുകളിലൂടെ കൈമാറി. പിന്നീട് വിശേഷങ്ങളോടൊപ്പം കത്തുകളും കുറഞ്ഞു തുടങ്ങി.

മിന്നുവിന്റെ കത്തുകൾ കുറഞ്ഞപ്പോൾ ചിന്നു ഭയന്നു പോയെങ്കിലും മിന്നുവിനെ ചിന്നു സമയപരിമിതി മൂലം മറന്നിരുന്നു.

അപ്പോൾ ഒരു അത്യാവശ്യ കാര്യത്തിന് ചിന്നു ആ നഗരത്തിൽ നിന്നും തിരിച്ചു വന്നിരുന്നു. അപ്പോഴാണ് തന്റെ കൂടെ പഠിച്ചിരുന്ന അച്ചു എന്ന സുഹൃത്തിനെ കണ്ടുമുട്ടുന്നത്.

അപ്പോൾ ചിന്നുവിനോട് അച്ചു പറയുന്നു."നീ മിന്നുവിനെ കാണാൻ പോയില്ലേ? അപ്പോൾ ആണ് ചിന്നു മിന്നുവിനെ പറ്റി അച്ചുവിനോട് അന്വേഷിക്കുന്നത്.

"മിന്നുവിന് ഒരു അപകടം പറ്റി ഓർമ്മ നഷ്ടപ്പെട്ട് കിടപ്പിലാണ്"എന്ന് അച്ചു പറപ്പോൾ അവൾ അമ്പരന്നു പോയി.

ഒരു നിമിഷം പോലും ചിന്തിക്കാതെ അവൾ മിന്നുവിന്റെ വീട്ടിലേക്ക് ഓടി.
ചിന്നുവിനെ കണ്ട സന്തോഷത്തിൽ മിന്നുവിന്റെ അമ്മ അവളെ നെഞ്ചോട് ചേർത്തു.
എന്നിട്ട് ചിന്നു ചോദിക്കുന്നു"അമ്മേ മിന്നു എവിടെ?
ഇരുട്ടേറിയ മുറിയിലേക്ക് കൈചൂണ്ടിയപ്പോൾ അമ്മയുടെ കണ്ണുകൾനിറഞ്ഞൊഴുകി.
ചിന്നു മുറിയിലേക്ക് കടന്നപ്പോൾ ഓർമ്മകൾ നഷ്ടപ്പെട്ട മിന്നുവിനെ കണ്ട് വികാരഭരിതയായി.
അപ്പോഴാണ് അമ്മ പറയുന്നത് "മിന്നു 5 വർഷമായി ഈ അവസ്ഥയിൽ ആയിട്ട് "എന്ന്. അതുകൊണ്ടാണ് ചിന്നുവിന്റെ കത്തുകൾ കുറഞ്ഞത് എന്നും അമ്മ ചിന്നുവിനോട് പറഞ്ഞു മനസ്സിലാക്കുന്നു.

കുറ്റബോധം കൊണ്ട് അവൾക്ക് അമ്മയുടെ വാക്കുകൾക്ക് ഉത്തരം നൽകാനായില്ല.
അങ്ങനെ ദിവസങ്ങളും ആഴ്ചകളും മാസങ്ങളും കഴിഞ്ഞുപോയി. മിന്നുവിന് അതിൽ നിന്നും ഒരു മാറ്റവും ഉണ്ടായിരുന്നില്ല.

ചിന്നുവിന്റെ ഈ നഗരത്തിലെ ആവശ്യങ്ങൾ കഴിഞ്ഞുവെങ്കിലും താൻ വന്ന നഗരത്തിലേക്ക് യാത്രയായില്ല (ആലപ്പുഴ നഗരം).

മിന്നുവിനെ പഴയ കാര്യങ്ങൾ പറഞ്ഞ് ഓർമ്മകളെ തിരിച്ചുകൊണ്ടുവരാൻ ശ്രമിച്ചു എങ്കിലും അതിന് ഒരു മാറ്റവും ഉണ്ടായില്ല.

അങ്ങനെ ഒരു ദിവസം പതിവുപോലെ മിന്നുവിനോട് പഴയ കഥകൾ പറയുമ്പോൾ ചിന്നുവിന്റെ മുഖത്തേക്ക് കണ്ണ് വെട്ടിക്കാതെ നോക്കി നിൽക്കുകയായിരുന്നു മിന്നു.

പെട്ടെന്ന് "ചിന്നൂ... നീയെന്നാ വന്ന്"?
എന്ന ചോദ്യത്തിൽ അവരെല്ലാവരും പകച്ചു നിന്നു പോയി. മിന്നു തന്നെയാണോ ചോദിച്ചത് എന്ന് അവർ സംശയിച്ചു.

മിന്നുവിന്റെ ഓർമ്മ തിരിച്ചെത്തിയിരുന്നു

മിന്നുവിന്റെ ഓർമ്മകൾ തിരിച്ചുവന്ന സന്തോഷത്തിൽ തന്റെ അമ്മക്ക് ഒരു കത്ത് എഴുതുന്നു.

ആ കത്ത് ഇങ്ങനെയായിരുന്നു

അമ്മേ! മിന്നുവിന് ഓർമ്മ തിരിച്ചു വന്നിരിക്കുന്നു. അതിന്റെ സന്തോഷത്തിലാണ് - ഞങ്ങളെല്ലാവരും.

അഞ്ചു വർഷങ്ങൾക്ക് ശേഷം മിന്നുവിന്റെ പിറന്നാൾ ആഘോഷിക്കാൻ എല്ലാവരും തീരുമാനിച്ചിരിക്കുന്നു .
അതുകൊണ്ട് അമ്മയും അച്ഛനും മിന്നുവിന്റെ പിറന്നാളിന് വരണം എന്ന്  ഇവിടെ എല്ലാവരും ആഗ്രഹിക്കുന്നു.എന്ന് സ്വന്തം ചിന്നു.....

അങ്ങനെ ആ പിറന്നാൾ ദിവസം വന്നെത്തി . എല്ലാവരും ആ സന്തോഷത്തിൽ പങ്കുചേർന്നു

ആ ദിവസം ഇരുവരും  നിശ്ചയിച്ചു: ഇനി ഒരിക്കലും തങ്ങളുടെ ചങ്ങാത്തം അകലാൻ അനുവദിക്കില്ല എന്ന്.



NAJA FATHIMA
9 J

# ദശപുഷ്പങ്ങൾ

ദശപുഷ്പം എന്നാൽ 10 പൂക്കളുടെ കൂട്ടം എന്നാണ് അർത്ഥമാക്കുന്നത്. ദക്ഷിണേന്ത്യയിലെ, പ്രത്യേകിച്ച് കേരള സംസ്ഥാനത്തിലെ ജനങ്ങൾക്ക് സാംസ്കാരികമായും വൈദ്യശാസ്ത്രപരമായും ഇത് പ്രധാനമാണ്. വിവിധതരം ക്യാൻസറുകൾക്കും മറ്റു മാരകമായ അവസ്ഥകൾക്കും ചികിത്സിക്കാൻ ഈ 10 ഔഷധസസ്യങ്ങൾ സംസ്ഥാനങ്ങളിലെ വിഷവൈദ്യശാസ്ത്രം വ്യാപകമായി ഉപയോഗിക്കുന്നു. കേരളത്തിൽ ഇവ പവിത്രമായി കണക്കാക്കപ്പെടുന്നു, സ്ത്രീകൾ തലയിൽ മാലയായി ധരിക്കുന്നു. അലങ്കാര ആവശ്യങ്ങൾക്കും ഇവ ഉപയോഗിക്കുന്ന ഈ പൂക്കൾക്ക് ആകർഷകത്വവും സുഗന്ധവും ഇല്ലാത്തതിനാൽ, അലങ്കാരങ്ങൾക്കായുള്ള ഇവയുടെ പരമ്പരാഗത ഉപയോഗം വിശദീകരിക്കാൻ പ്രയാസമാണ്.

## ദശപുഷ്പങ്ങളും അവയുടെ ശാസ്ത്രീയ നാമവും

* കയ്യുണ്യം - Eclipta alba
* പൂവാംകുരുന്നില - Cyanthillium cinereum
* കൃഷ്ണക്രാന്തി- Evolvulus alsinoides
* കറുക - Cynodon dactylon•
* മുയൽ ചെവിയൻ -Emilia sonchifolia
* തിരുതാളി - Ipomoea സെപിരിയ
* ചെറുള - Aerva lanata
* നിലപ്പന - Curculigo orchiodes
•മുക്കുറ്റി - Biopytum sensitivum
* ഉഴിഞ്ഞ - Cardiospermum halicacabum

## ആയുർവേദത്തിൽ ദശപുഷ്പത്തിന്റെ ഉപയോഗം

' ദശപുഷ്പങ്ങൾ' എന്ന പത്ത് ഔഷധസസ്യങ്ങൾ ഔഷധ മൂല്യത്തിന് പേരുകേട്ടവയാണ്, ആരോഗ്യഗുണങ്ങൾ നേടുന്നതിനായി കർക്കടക മാസത്തിൽ ' കർക്കിടക കഞ്ഞി ' എന്ന പേരിൽ കഴിക്കുന്നു.

കർക്കടകമാസം - ജൂലൈ മധ്യത്തിനും ഓഗസ്റ്റ് മധ്യത്തിനും ഇടയിലുള്ള കാലയളവ്. ഈ കാലയളവിൽ കാലാവസ്ഥയിൽ പെട്ടെന്ന് മാറ്റം സംഭവിക്കുന്നു. ഇത് മനുഷ്യശരീരത്തിൽ ത്രിദോഷങ്ങൾ ആയ വാദം, പിത്തം,കഫം എന്നിവയിൽ അസന്തുലിതാവസ്ഥ സൃഷ്ടിക്കുന്നു, ഇത് ശരീരത്തെ വിവിധ രോഗങ്ങൾക്ക് ഇരയാക്കുന്നു. പ്രതിരോധശേഷിയും ശക്തിയും വർദ്ധിപ്പിക്കാൻ സഹായിക്കുന്ന പ്രത്യേക ഭക്ഷണക്രമം, ചിട്ട, പരിഹാരങ്ങൾ എന്നിവ ഈ കാലയളവിൽ ആയുർവേദം ശുപാർശ ചെയ്യുന്നു.



മുയൽ ചെവിയൻ


മുക്കുറ്റി


നിലപ്പന


ചെറൂള


കറുക


പൂവാംകുരുന്നില


VYGA M S
9K

# യാത്രാവിവരണം


## ഊട്ടിയിലേക്ക് ഒരു യാത്ര

2024 മെയ് 5 ന് ഞാനും എന്റെ ബന്ധുക്കളും ഒരുമിച്ച് ഊട്ടി യിലേക്ക് യാത്ര പോവാൻ തീരുമാനിച്ചു. വെളുപ്പിന് 4 മണിക്ക് എഴുന്നേറ്റ് കുളിച്ച് ഫ്രഷ് ആയി 6 മണിക്ക് ഞങ്ങളുടെ ബസ് ഊട്ടി ലക്ഷ്യമാക്കി യാത്ര പുറപ്പെട്ടു. 9 മണിയോടെ പ്രഭാത ഭക്ഷണം കഴിച്ചു. ഭക്ഷണശേഷം ഗൂഡെല്ലൂർ പട്ടണം പിന്നിട്ടു ഞങ്ങൾ ആദ്യം എത്തി ചേർന്നത് മനോഹരമായ ഒരു വ്യൂ പോയിന്റിൽ ആയിരുന്നു. റോഡിൽ നിന്നും മലയുടെ ചെരുവിലൂടെ സാഹസികമായി കുറച്ചു നടക്കേണ്ടി വന്നെങ്കിലും ഞങ്ങൾക്ക് അതിമനോഹരമായ കാഴ്ച ആയിരുന്നു അവിടെ പ്രകൃതി ഒരുക്കിവെച്ചിരുന്നത്. നാലുഭാഗത്തും മനോഹരമായ കാഴ്ചകൾ ഞങ്ങളെ പേടിപ്പിക്കുന്നതുമ്മയ അഗാധമായ കൊക്ക, ഞങ്ങളെ നോക്കി ചിരിക്കുന്ന  വലിയ കൊടുമുടികൾ. ഇതൊക്കെയാണ് അവിടെ കണ്ടത്.മനോഹരമായ പൈൻ മരങ്ങൾക്കിടയിലൂടെ വളഞ്ഞും തിരിഞ്ഞും ചുരങ്ങൾ കയറി ബസ് മുന്നോട്ട് നീങ്ങുമ്പോൾ അകത്ത് കുട്ടികളുടെ പാട്ടും മറ്റു കലാപരിപാടികളും ഉണ്ടായിരുന്നു.ഉച്ചഭക്ഷണം കഴിക്കാൻ ഞങ്ങൾ ഒരു ഹോട്ടലിൽ കയറി ചിക്കൻ ബിരിയാണി കഴിച്ചു. പിന്നെ ഞങ്ങൾ ഊട്ടി തടാകത്തിൽ എത്തി. അവിടെ തടാകകരയിൽ പലവിധ വിനോദങ്ങളിലും ബോട്ട് സവാരിയിലും ഞങ്ങൾ ഏർപ്പെട്ടു. അവിടെ മീൻ തീവണ്ടിയിൽ എല്ലാവരും തടകകരയിലൂടെ ഉള്ള യാത്ര ശരിക്കും ആസ്വദിച്ചു. പിന്നീട് ഞങ്ങൾ പേയത് ഊട്ടിയിലെ പ്രശസ്തമായ തേയില കമ്പനി കാണുവാനാണ്. അവിടെ വിവിധ രുചികളുള്ള ചായപ്പൊടികൾ അവിടെ വില്പനയ്ക്ക് വച്ചിരുന്നു.ഞാനടക്കമുള്ള എല്ലാവരും അവിടെ നിന്നും തേയില വാങ്ങി.പിന്നീട്  ഞങ്ങൾ പോയത് ഊട്ടിയിലെ ഏറ്റവും ആകർഷകമായ ബോട്ടാണിക്കൽ ഗാർഡനിലേക്ക് ആയിരുന്നു. പക്ഷേ അപ്പോഴേക്കും വൈകുന്നേരം 5 മണി കഴിഞ്ഞിരുന്നു. ഞങ്ങൾ ഗാർഡനിൽ എത്തി അവിടുത്തെ പൂക്കളും പച്ചപ്പും എല്ലാ ആസ്വദിച്ച്  അവിടെ നിന്നും തിരിച്ചിറങ്ങി. അപ്പോഴേക്കും ഊട്ടിയിലെ തണുപ്പ് ഞങ്ങളെ പൊതിഞ്ഞിരുന്നു. എല്ലാരും വേഗം ബസിൽ എത്തിയിരുന്നു യാത്രയിലുടുനീളം പലരും വിതരണം ചെയ്ത പഴങ്ങളും മറ്റും സ്നേഹം പങ്കുവക്കുന്നത്തിന തുല്യമായിരുന്നു. യാത്ര അനുഭവങ്ങളും അഭിപ്രായങ്ങളും പങ്കുവച്ച മറക്കാനാവാത്ത മറ്റൊരു യാത്ര സമ്മാനിച്ച സന്തോഷത്തിൽ രാത്രി 12 മണിയോടെ ഞങ്ങൾ തിരിച്ചു ഞങ്ങളുടെ നാട്ടിൽ എത്തിച്ചേർന്നു.

___________



suraj
9k



# GALLERY

# MAGAZINE COMMITTEE



MALAVIKA SUJITH



VYGA M S



SHIFA PARVIN



FATHIMA SHIFANA C U



MUHAMMAD ZAMIN



KAILAS P PRAKASAN



SHELVIN K S



BENJAMIN BIJU



ABHIJITH



SHARON M B



AADHIDEV M S



AJITH P R



MUHAMMED ASLAM T A



VISHNUNARAYANAN C B



SURAJ K S


DIGITAL PAINTING





Muhammed zamin
9H





AQULINE RAJESH
9 J









SREEVRINDHA

7E





AADHIDEV M S
9G

# LK BATCH 2023-2026




# LK ACTIVITIES

ROBOTIC FIRST



ROBOTIC FIRST



# മഹത് വചനങ്ങൾ

നിങ്ങളുടെ വിശ്വാസങ്ങൾ നിങ്ങളുടെ ചിന്തകളാവുന്നു.ചിന്തകൾ വാക്കുകളും, വാക്കുകൾ പ്രവൃത്തികളും, പ്രവൃത്തികൾ മൂല്യങ്ങളുമാവുന്നു. നിങ്ങളുടെ മൂല്യങ്ങളാണ് നിങ്ങളുടെ വിധിയാവുന്നത്.

ഗാന്ധിജി

നമ്മെ നാമാക്കുന്നത് നമ്മുടെ ചിന്തകളാണ്.

ഗൗതമബുദ്ധൻ

" നമ്മൾ നമ്മുടെ ചിന്തകളുടെ നിർമിതിയാണ്. അതുകൊണ്ട് ചിന്തിക്കുന്നതിനെക്കുറിച്ച് സൂക്ഷ്മത പുലർത്തുക."

സ്വാമി വിവേകാനന്ദൻ

ജീവിതത്തിൽ ഭയപ്പെടാനായി ഒന്നുമില്ല എല്ലാം എല്ലാം മനസിലാക്കുമ്പോൾ നാം ഭയരഹിതരാകുന്നു. "

മേരി ക്യൂറി

ശിശുവിനെ മാന്യനാക്കാനല്ല , മനുഷ്യനാക്കാനാണ് വിദ്യാഭ്യാസം നൽകേണ്ടത്

സ്പെൻസർ

സ്നേഹം ആരുടെ ഭാഗത്തുനിന്നുണ്ടായാലും ശരി, അതു ആദരിക്കേണ്ടുന്ന വികാരം തന്നെയാണ്"

രബീന്ദ്രനാഥ് ടാഗോർ

ഞാൻ കേൾക്കുന്നത് മറക്കുന്നു, കാണുന്നത് ഓർക്കുന്നു, ചെയ്യുന്നത് മനസ്സിലാക്കുന്നു.

കൺഫ്യൂഷ്യസ്






കളിച്ചും
പഠിച്ചും

ക്യാമ്പുകളിലൂടെ,,,,,






ക്യാമ്പുകളിലൂടെ,,,,,





കളിച്ചും
പഠിച്ചും




ലിറ്റിൽ
കൈറ്റ്സ്


# SCHOOL CAMP




ലിറ്റിൽ
കൈറ്റ്സ്

# പ്രിയപ്പെട്ടവർക്ക്

## യാത്രാമംഗളങ്ങൾ




നന്ദി......